എം. എൽ. എ. യുടെ ഭവനത്തിൽ മോഷണം

50 [3746] *ശ്രീ. ടി. പി. എം. സാഹിർ:* താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ഏതെങ്കിലും എം. എൽ. എ. യുടെ ഭവനത്തിൽ മോഷണം നടന്നതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഈ പരാതിയെ സംബന്ധിച്ച അന്വേഷണം ഏതുവരെയായി;

(സി) ആരെല്ലാമാണ് പ്രതികൾ എന്ന് വെളിപ്പെടുത്താമോ;

(ഡി) പ്രതികളിൽ ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഇതിന് താമസമുണ്ടാകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) യു. ഡി. എഫ്. (17-5-2001 മുതൽ) അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം ജില്ലയിൽ 3 എം. എൽ. എ. മാരുടെ ഭവനങ്ങളിൽ മോഷണം നടന്നതിന് പരാതി ലഭിച്ചിട്ടുണ്ട്.

(ബി) (i) പെരിന്തൽമണ്ണ എം. എൽ. എ. ശ്രീ. നാലകത്ത് സൂപ്പിയുടെ പെരിന്തൽമണ്ണയിലെ വസതിയിൽ 29-5-2001-ാം തീയതി മോഷണം നടന്നതിന് പെരിന്തൽമണ്ണ പി. എസ്. ക്രൈം 448/2001 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതും പ്രതിയെ അറസ്റ്റുചെയ്ത് കേസ് ചാർജ്ജ് ചെയ്തിട്ടുള്ളതുമാണ്.

(ii) താനൂർ എം. എൽ. എ. ശ്രീ. അബ്ദുൾ റബ്ബിന്റെ പരപ്പനങ്ങാടിയിലുള്ള വസതിയിൽ 25-5-2003-ാം തീയതി മോഷണം നടന്നതിന് പരപ്പനങ്ങാടി പി. എസ്. ക്രൈം 143/2003 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതും കളവുമുതൽ വാങ്ങിയ പ്രതിയെ അറസ്റ്റു ചെയ്തിട്ടുള്ളതും ടിയാന്റെ പേരിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും കളവു നടത്തിയ ആളെക്കുറിച്ച് അന്വേഷണം നടത്തിവരുന്നതുമാണ്.

(iii) മഞ്ചേരി എം. എൽ. എ. ശ്രീ. എം. പി. എം. ഇസ്ഹാക് കുരിക്കളുടെ മഞ്ചേരിയിലുള്ള വസതിയിൽ 2-10-2004-ാം തീയതി മോഷണം നടന്നതിന് മഞ്ചേരി പി. എസ്. ക്രൈം 650/2004 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതും പ്രതിയെക്കുറിച്ച് അറിവ് ലഭിച്ചിട്ടില്ലാത്തതുമാണ്. കേസ് അന്വേഷണാവസ്ഥയിലാണ്.

(സി) & (ഡി) (1) പെരിന്തൽമണ്ണ പി. എസ്. ക്രൈം 448/2001 പ്രതി ഹുസൈൻ s/o. മുഹമ്മദലി, പുളിക്കൽ ഹൗസ്, മണ്ണുവയൽ, നീലഗിരി.

(2) പരപ്പനങ്ങാടി പി. എസ്. ക്രൈം 143/2001 പ്രതി മുഹമ്മദ് s/o. അബ്ദുള്ള ഏലാംപറമ്പത്ത് ഹൗസ്, കരിങ്കലത്താണി, നെടുവ, പരപ്പനങ്ങാടി.

(കളവുമുതൽ വാങ്ങിയ ആൾ - കളവ് നടത്തിയ ആളിനെപ്പറ്റി അറിവായിട്ടില്ല.)

LIBRARY ARCHIVES Kerala Legislative Assembly

3. മഞ്ചേരി പി. എസ്. ക്രൈം 650/2004 കേസ്സിൽ പ്രതിയെ അറിവായിട്ടില്ല.

(ഇ) പരപ്പനങ്ങാടി പി. എസ്. ക്രൈം 143/2003, കേസിലെ ഒരു പ്രതിയെക്കുറിച്ചും, മഞ്ചേരി പി. എസ്. ക്രൈം 650/2004 കേസിലെ പ്രതിയെക്കുറിച്ചും, ഊർജ്ജിതമായി അന്വേഷണം നടത്തിവരുന്നുണ്ട്. വ്യക്തമായ അറിവു ലഭിക്കാത്തതിനാൽ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല.

ചിറയിൻകീഴ് മുടപുരം സ്വദേശി മണിക്കുട്ടനെ മർദ്ദിച്ച സംഭവം

51 [3747] *ശ്രീ. യു. സി. രാമൻ:* താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് മുടപുരം സ്വദേശി തൊടിയിൽ വിവേകാനന്ദൻ മകൻ മണിക്കുട്ടനെ 2004 ജൂലായ് 7-ന് പോലീസ് അകാരണമായി മർദ്ദിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യൂത്ത് കോൺഗ്രസ് പ്രവർത്തകനായ ഇദ്ദേഹത്തെ മർദ്ദിച്ചതിന്റെ വ്യക്തമായ കാരണം വെളിപ്പെടുത്തുമോ;

(സി) അകാരണമായി മണിക്കുട്ടനെ മർദ്ദിച്ച പോലീസുകാർ ആരെല്ലാമാണ്;

(ഡി) അവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(എഫ്) ഇതു സംബന്ധിച്ച് മുഖ്യമന്ത്രിക്ക് ലഭിച്ച പരാതികളിൻമേൽ കൈക്കൊണ്ട നടപടി വ്യക്തമാക്കാമോ;

(ജി) ഈ കേസ് സംബന്ധിച്ച് ഇപ്പോൾ അന്വേഷണം നടത്തുന്നത് ആരാണ്; ഇപ്പോൾ ഇതിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണ്; വിശദാംശം വെളിപ്പെടുത്താമോ;

(എച്ച്) അകാരണമായി മർദ്ദനമേറ്റ മണിക്കുട്ടനുണ്ടായ കഷ്ടനഷ്ടങ്ങൾക്ക് എന്തെങ്കിലും നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വർക്കല പോലീസ് സ്റ്റേഷനിലെ ക്രൈം നം. 367/04 യു/എസ് 143, 147, 148, 452, 324, 308 ആന്റ് 427 ഐ. പി. സി. പ്രകാരമുള്ള കേസിലെ പ്രതികളെ മണിക്കുട്ടൻ ഒളിപ്പിച്ചിരിക്കുന്നതായി വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly